കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in
----------------------------------------------
പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2020 ഫെബ്രുവരി 13വ്യാഴം
----------------------------------------------------

**തൈക്കാട്ടുശേരി ബ്ലോക്കിൽ ജീവനി പദ്ധതിക്ക് തുടക്കമായി**

ആലപ്പുഴ: വിഷരഹിത പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പാക്കുന്ന ജീവനി പദ്ധതിയുടെ തൈക്കാട്ടുശേരി ബ്ലോക്ക്തല ഉദ്ഘാടനം അഡ്വ എ എം ആരിഫ് എം പി നിർവ്വഹിച്ചു. പ്രളയം തകർത്ത കാർഷിക മേഖലയുടെ ദുർബലാവസ്ഥ അതിജീവിച്ചു മുന്നേറാനുള്ള യത്നത്തിലാണ് സർക്കാരെന്നും ജീവനി പോലുള്ള പദ്ധതികള് ജനങ്ങളെ കൃഷിയുമായി കൂടുതല് അടുപ്പിക്കുമെന്നും എം പി പറഞ്ഞു.ജൈവ കാർഷിക മേളയുടെ ഉദ്ഘാടനവും സർട്ടിഫിക്കറ്റ് വിതരണവും അഡ്വ ഷാനിമോള് ഉസ്മാന് എം.എൽ.എ നിർവഹിച്ചു. ജൈവ കാർഷിക ഉത്പന്നങ്ങളുടെ പ്രദർശനം, ആത്മ സംഘങ്ങളുടെയും കുടുംബശ്രീ കർഷകരുടെയും മൂല്യ വർധിത ഉത്പന്ന- പ്രദർശനം,കർഷക സംഗമം എന്നിവ മേളയ്ക്ക് മാറ്റുകൂട്ടി. 'ജൈവ പച്ചക്കറിക്കൃഷിയും ശാസ്ത്രീയ പരിചരണ മുറകളും' എന്ന വിഷയത്തിൽ റിട്ട. കൃഷി അസിറ്റന്റ് ഡയറക്ടർ വേണുഗോപാല് ക്ലാസ്സെടുത്തു.

'നമ്മുടെ കൃഷി നമ്മുടെ ആരോഗ്യം' എന്ന ആശയത്തിലൂന്നി 2020 ജനുവരി ഒന്ന് മുതൽ 2021 ഏപ്രില് വരെയാണ് പദ്ധതി നടപ്പാക്കുന്നത്.ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങള്, ആരാധനാലയങ്ങള് എന്നിവയുടെ തരിശ് ഭൂമിയിൽ കൃഷി വ്യാപിപ്പിക്കും. വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്.

തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിർമല സെൽവരാജ്, വൈസ് പ്രസിഡന്റ് രാജേഷ് രാമകൃഷ്ണൻ, ജില്ല പഞ്ചായത്ത് അംഗം പി.എം പ്രമോദ്, പ്രിൻസിപ്പല് കൃഷി ഓഫീസര് ലത ജി. പണിക്കർ, ആത്മ പ്രൊജക്റ്റ് ഡയറക്ടര് എം.എൽ ലക്ഷ്മി, പഞ്ചായത്ത് പ്രസിഡന്റുമാർ, അംഗങ്ങള്, ജനപ്രതിനിധികൾ, ഉദോഗസ്ഥർ, കർഷകര് തുടങ്ങിയവര് പങ്കെടുത്തു.

(ചിത്രമുണ്ട്) ചിത്രാവിവരണം:1. തൈക്കാട്ടുശേരി ബ്ലോക്കിൽ ജീവനി പദ്ധതിയുടെ ഉദ്ഘാടനം അഡ്വ എ.എം ആരിഫ് എം പി നിർവഹിക്കുന്നു

2. തൈക്കാട്ടുശേരി ബ്ലോക്കില് സംഘടിപ്പിച്ച കാർഷിക മേളയുടെ ഉദ്ഘാടനം അഡ്വ ഷാനിമോൾ ഉസ്മാന് എം.എൽ.എ നിർവഹിക്കുന്നു.

**സാമ്പത്തിക സ്ഥിതിവിവര വകുപ്പ് സർവെ: എല്ലാവരും സഹകരിക്കണം**
ആലപ്പുഴ: സംസ്ഥാന പുരോഗതിക്കാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനായി സാമ്പത്തിക സ്ഥിതിവിവര വകുപ്പ് നടത്തുന്ന സർവെയുമായി പൊതുജനങ്ങളും സ്ഥാപനങ്ങളും സഹകരിക്കണമെന്ന് വകുപ്പ് ഡയറക്ടർ അഭ്യർഥിച്ചു. പൗരത്വ രജിസ്റ്റർ - നിയമഭേദഗതി എന്നിവയുമായി വകുപ്പുതല വിവരശേഖരണത്തിന് ബന്ധമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. കാർഷിക മേഖലയുമായി ബന്ധപ്പെട്ട ഇ.എ.ആർ.എ.എസ്, കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നതിനുള്ള വിലശേഖരണം, സാമൂഹിക- സാമ്പത്തിക മേഖലകളുമായി ബന്ധപ്പെട്ട നാഷണൽ സാമ്പിൾ സർവെ, വിവിധ അഡ്ഹോക് സർവെകൾ, കുടുംബ ബജറ്റ് സർവെ തുടങ്ങിയവയാണ് വകുപ്പ് നടത്തുന്നത്. ആഭ്യന്തര ടൂറിസവുമായി ബന്ധപ്പെട്ട വിവരങ്ങളും സുസ്ഥിരവികസനത്തിന സൂചികകൾക്കായുള്ള വിവരങ്ങളും അനുബന്ധമായി ശേഖരിക്കുന്നു. പദ്ധതി ആസൂത്രണത്തിന് ആവശ്യമായ വിവരശേഖരണവുമായി പൂർണമായും സഹകരിക്കാൻ എല്ലാവരും തയ്യാറാകണം എന്നും ഡയറക്ടർ അഭ്യർഥിച്ചു.

**കിസാൻ ക്രെഡിറ്റ് കാർഡ് ക്യാമ്പയിൻ**
ആലപ്പുഴ: പി.എം. കിസാൻ പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള ക്യാമ്പയിൻ ജില്ലയിൽ ഫെബ്രുവരി 11 മുതൽ 14 വരെ കൃഷി ഭവൻ തലത്തിൽ സംഘടിപ്പിക്കും. തുടർന്ന് കിസാൻ ക്രെഡിറ്റ് കാർഡ് കർഷകർക്ക് ലഭിക്കുന്നതിന് ബാങ്കുകളെ നേരിട്ട് സമീപിക്കാം.കൃഷിഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിനുകൾ ഫെബ്രുവരി 14നു അവസാനിക്കുമെന്ന് ജില്ല കളക്ടർ അറിയിച്ചു.

**കുട്ടനാട് താലൂക്കിൽ ജില്ല കളക്ടറുടെ പരാതിപരിഹാര അദാലത്ത് 15ന്**
ആലപ്പുഴ: കുട്ടനാട് താലൂക്കിലെ ജില്ല കളകട്റുടെ പൊതുജന പരാതി പരിഹാര അദാലത്ത് 'സഫലം' ഫെബ്രുവരി 15ന് രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് ഒന്നുവരെ കുട്ടനാട് സിവിൽ സ്റ്റേഷൻ വളപ്പിൽ നടക്കും. എൽ.ആർ.എം കേസുകൾ, സർവ്വെ, പ്രളയം സംബന്ധമായ അപേക്ഷകൾ, ഭൂമിയുടെ തരമാറ്റം/പരിവർത്തനം, റേഷൻ കാർഡ് എന്നിവയൊഴികെയുള്ള എല്ലാ പരാതികളും അപേക്ഷകളും സ്വീകരിക്കുന്നതും താലൂക്ക് തല വകുപ്പ് മേധാവികളുടെ സാന്നിധ്യത്തിൽ ജില്ല കളക്ടർ നേരിട്ട് പരാതികൾ സ്വീകരിക്കുന്നതും ഉടൻ തീർപ്പാക്കുന്നതുമാണ്.

**അഭിമുഖം മാറ്റി**
ആലപ്പുഴ: ഭാരതീയ ചികിത്സ വകുപ്പിൽ നാഷണൽ ആയുഷ് മിഷന്റെ കീഴിൽ ജില്ലയിൽ മെഡിക്കൽ ഓഫീസർ (ശല്യതന്ത്ര) തസ്തികയിൽ ഫെബ്രുവരി 18ന് നടത്താനിരുന്ന അഭിമുഖം സാങ്കേതിക കാരണങ്ങളാൽ മാറ്റിവെച്ചതായി ജില്ല മെഡിക്കൽ ഓഫീസർ (ഭാരതീയ ചികിത്സ വകുപ്പ്) അറിയിച്ചു.പുതുക്കിയ തീയതി

പിന്നീട് അറിയിക്കും.

**വനിത നഴ്സുമാർക്ക് ദുബായിൽ തൊഴിലവസരങ്ങൾ**

ആലപ്പുഴ: ദുബായിലെ പ്രമുഖ ഹോംഹെൽത്ത് കെയർ സെന്ററിലേയ്ക്ക് ഹോം നഴ്സായി വനിതാ നഴ്സുമാരെ നോർക്ക റൂട്ട്സ് മുഖേന തെരഞ്ഞെടുക്കും. 25നും 40 നും മധ്യേ പ്രായമുള്ള ബി.എസ്.സി വനിതാ നഴ്സുമാർക്ക് രജിസ്റ്റർ ചെയ്യാം. രണ്ടു വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന. ശമ്പളം 4,000 യു.എ.ഇ ദിർഹം(ഏകദേശം 77,600 രൂപ) വരെ. താല്പര്യമുള്ളവർ വിശദമായ ബയോഡേറ്റ nrkhomecare@gmail.com-ൽ സമർപ്പിക്കണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ടോൾ ഫ്രീ നമ്പരായ 18004253939 (ഇന്ത്യയിൽ നിന്നും) 00918802012345 (വിദേശത്തു നിന്നു മിസ്ഡ് കോൾ സേവനം) ലഭിക്കും. അവസാന തീയതി:ഫെബ്രുവരി 25.

**തൊഴിൽ പരിശീലനത്തിൽ ന്യൂജെൻ പദ്ധതികളുമായി തണ്ണീർമുക്കം പഞ്ചായത്ത്**

ആലപ്പുഴ: തൊഴിൽ പരിശീലനത്തിൽ ന്യൂ ജെൻ പദ്ധതികളുമായി തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് മുന്നോട്ട്. ടൂറിസം ഹോസ്പിറ്റാലിറ്റി, റീടെയിൽ മാനേജ്മെന്റ് എന്നിവയിൽ അറുപത് പേരാണ് പഞ്ചായത്തിന് കീഴില് പരിശീലനം പൂർത്തിയാക്കുന്നതെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ് ജ്യോതിസ് പറഞ്ഞു.ആലപ്പുഴയിലെ എഡ്യു ജോബ്സ് അക്കാഡമിയുടേയും പഞ്ചായത്തിന്റേയും കുടുംബശ്രീയുടേയും ആഭിമുഖ്യത്തില് സ്കില് ഇന്ത്യ കേന്ദ്ര നൈപുണ്യ വികസന മന്ത്രാലയത്തിന്റെ പദ്ധതിപ്രകാരമാണ് പരിശീലനം.എല്ലാ വിഭാഗത്തിൽ പെട്ടവർക്കും ആധാറിന്റെ അടിസ്ഥാനത്തില് രജിസട്രേഷന് ചെയ്തു സൗജന്യ പരിശീലനം നൽകും. സ്മാർട്ട് തണ്ണീർമുക്കം പദ്ധതിയുടെ ഭാഗമായാണിത്. പത്താം ക്ലാസ്സ് മുതല് പി.ജി വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കായാണ് പ്രവേശനം . കോഴ്സിനോടൊപ്പം ഫ്രണ്ട് ഓഫീസ്, ഗസ്റ്റ് സർവ്വീസ് അസോസിയേഷന്, ഷോറൂം കീപ്പിംഗ്, ക്യാഷ് ബിൽ, സ്റ്റോറ് കീപ്പിംഗ്, മൊബൈൽ ഫോണ് റിപ്പയറിംഗ്, ഹാർഡ് വെയറ്, സോഫ്റ്റ് വെയറ് തുടങ്ങിയ കോഴ്സുകളിലാണ് പരിശീലനം. ഗ്രാമപഞ്ചായത്തിലെ സംരഭകരുടെ വിപണിക്ക് മാർക്കറ്റ് കണ്ടെത്തുന്നതിന് തദ്ദേശ് ആപ്പ് പഞ്ചായത്ത് ഒരുക്കിയിരുന്നു. സ്മാർട്ട് തണ്ണീർമുക്കം പദ്ധതിയുടെ ഭാഗമായി ആപ്പിനോടൊപ്പം സോഷ്യൽ മീഡിയ ചാനലും തുടങ്ങാനുള്ള തയ്യാറെടുപ്പിലാണ് തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്.

(ചിത്രമുണ്ട് )

**നോർക്ക പുനരധിവാസ പദ്ധതി :ഫീൽഡ് ക്യാമ്പ് 20 ന്**

ആലപ്പുഴ: പ്രവാസി പുനരധിവാസ പദ്ധതിയുടെ കീഴിൽ മടങ്ങിയെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ യുകോ ബാങ്ക് ,സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് എന്നിവരുടെ സഹകരണത്തോടെ ഫെബ്രുവരി

20 ന് രാവിലെ 10 നു എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പൽ ഹാളിൽ വായ്പാ യോഗ്യത നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കും. ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് സ്ഥിരമായി മടങ്ങിയെത്തിയ പ്രവാസികൾക്ക് തുടങ്ങാവുന്ന സംരംഭങ്ങൾ പരിപാടിയിൽ പരിചയപ്പെടുത്തും. അർഹരായ സംരംഭകർക്ക് തൽസമയം വായ്പ നിബന്ധനകളോടെ അനുവദിക്കുകയും അഭിരുചിയുള്ളവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ഇതിനായി സർക്കാർ മാനേജ്മെന്റ് പരിശീലന സ്ഥാപനമായ സി. എം. ഡി യുടെ സേവനവും ലഭ്യമാക്കും.

സംരംഭകർക്ക് മൂലധന, പലിശ സബ്സിഡികൾ ലഭ്യമാക്കുന്ന പദ്ധതിയിൽ സംരംഭകരാകാൻ താല്പര്യമുള്ളവർ നോർക്ക റൂട്ട്സിന്റെ വെബ് സൈറ്റായ www.norkaroots.org യിൽ പ്രവാസി പുനരധിവാസ പദ്ധതിയിലെ ആവശ്യരേഖകളായ പാസ്പോർട്ട്, പദ്ധതി വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപ്‌ലോഡ് ചെയ്ത് മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള ലഘു വിവരണവും, രണ്ടു വർഷം വിദേശവാസം തെളിയിക്കുന്ന പാസ്പോർട്ട്, റേഷൻ കാർഡ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ അസലും, പകർപ്പും, മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോയും ക്യാമ്പ് ദിവസം കൊണ്ടുവരണം.കൂടുതൽ വിവരങ്ങൾക്ക് സി.എം.ഡി സഹായ കേന്ദ്രം (0471 2329738) നമ്പറിലോ നോർക്ക റൂട്ട്സിന്റെ ടോൾഫ്രീ നമ്പറിലോ- 1800 425 3939 (ഇന്ത്യയിൽ നിന്നും), 00918802012345 (വിദേശത്തു നിന്നും മിസ്ഡ് കോൾ സേവനം), 0471-2770581 നമ്പറിലോ ബന്ധപ്പെടണമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.